## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

സ്വാശ്രയ - സ്വകാര്യ എഞ്ചിനിയറിംഗ് കോളേജുകളുടെ അഫിലിയേഷൻ പുതുക്കി നല്കൽ സംബന്ധിച്ച്. - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ7 സെക്ഷൻ**

സ.ഉ.നം. 6688/4/17/എസി.എ7 — പി.ഡി.ഹിൽസ്, തീയതി: 10.11.2017

---

പരാമർശം:- (1) ജി.ഒ.നം.93/2015/ഉന്നതവിദ്യാഭ്യാസം. തീയതി: 11.03.2015

(2) 31/05/2017-ൽ സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ നല്കിയ നിയമോപദേശം.

(3) 17.10.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം. (a) 42/17.13/162183 & (b) 28/17.13/171891

### ഉത്തരവ്

2015-16 അദ്ധ്യയനവർഷം മുതൽ കേരളത്തിലെ എല്ലാ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും കേരള സാങ്കേതികസർവ്വകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റ് ചെയ്ത് മേൽ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണത്തിന് മുൻപ് കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത വിദ്യാർത്ഥികളുടെ കാര്യത്തിൽ അവർ പഠനം നടത്തുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ അതാത് സർവ്വകലാശാലകളിൽ തന്നെ തുടരുവാൻ 21.03.2015-ലെ സർക്കാർ ഉത്തരവ് വഴി അനുവാദം നൽകുകയും ചെയ്തിരുന്നു.

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണശേഷം ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരുന്ന എഞ്ചിനിയറിംഗ് കോളേജുകളിൽ തുടർന്ന് വന്നിരുന്ന മുൻ ബാച്ചുകൾക്ക് 2016-17, 2017-18 എന്നീ അദ്ധ്യയനവർഷങ്ങളിൽ അഫിലിയേഷൻ പുതുക്കി നൽകണമോയെന്ന വിഷയത്തിൽ സർവ്വകലാശാല സ്റ്റാൻഡിങ് കൗൺസിലിന്റെ ഉപദേശം തേടുകയും പരാമർശം (2) പ്രകാരം സർവ്വകലാശാലയിൽ തുടരുന്ന എഞ്ചിനിയറിംഗ് കോളേജുകൾക്ക് എം.ജി.സർവ്വകലാശാല ഇനി അഫിലിയേഷൻ പുതുക്കി നല്കേണ്ടതില്ല എന്ന് സ്റ്റാന്റിങ് കൗൺസിലിന്റെ ഉപദേശം ലഭിക്കുകയും ചെയ്തു.

സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ ഉപദേശം സ്വീകരിച്ച്, എഞ്ചിനിയറിംഗ് കോളേജുകൾക്ക് എം.ജി. സർവ്വകലാശാല ഇനി അഫിലിയേഷൻ പുതുക്കി നൽകേണ്ടതില്ല എന്ന് 17.11.2017-ലെ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്;-

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. എ. ആർ.I /ഡി.ആർ.I (അക്കാദമിക്), ജെ.ആർ.II (ഭരണവിഭാഗം)
5. എസി.ബി. VII/എസി.ബി.VI (ക്യാപ് സെക്ഷൻ)
6. പി.ആർ.ഒ./എ.സി.സി. സെക്ഷൻ.
7. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐക്യൂഎസി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ VII /2/2017/5414